(ഇ) ഉണ്ടെങ്കിൽ ഇപ്രകാരം അഗ്മാർക്കുള്ള ഭക്ഷ്യ വസ്തുക്കൾ ആരെങ്കിലും നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഭക്ഷ്യഎണ്ണകളിലെ മായം ചേർക്കൽ തടയുന്നതിലേക്കായി ഐ.എസ്.ഐ./അഗ്മാർക്ക്/എഫ്.പി.ഒ. ഗുണമേന്മ സർട്ടിഫിക്കറ്റുള്ള ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിനാണ് സപ്ലൈകോ മുന്തിയ പരിഗണന നൽകിയിട്ടുള്ളത്. എല്ലാ ഭക്ഷ്യോല്പന്ന നിർമ്മാതാക്കളിൽ നിന്നും പി.എഫ്.എ. റൂൾ അനുസരിച്ചുള്ള വാറന്റി നിർദ്ദിഷ്ട ഫോറത്തിൽ വാങ്ങുന്നുണ്ട്. കൂടാതെ ഗവൺമെന്റ് അംഗീകൃത ലബോറട്ടറികളിൽ ഉല്പന്ന ടെസ്റ്റ് ചെയ്ത സർട്ടിഫിക്കറ്റും റിപ്പോർട്ടുകളും ആവശ്യപ്പെടാറുണ്ട്.

(ബി) ഉണ്ട്.

(സി) സപ്ലൈകോ വിതരണം ചെയ്യുന്ന തേജസ് വെളിച്ചെണ്ണ, തേജസ് നല്ലെണ്ണ, റാണി ബ്രാൻഡ് നല്ലെണ്ണ, അരോമ കറിപൗഡറുകൾ, ഉണ്ണീസ് കറി പൗഡറുകൾ, അമ്മ കറിപൗഡറുകൾ, സാറാസ് കറിപൗഡറുകൾ, സെയിൽ കറിപൗഡറുകൾ, രുചി തേൻ, മംഗളം തേൻ, ലയൺ തേൻ, നേച്ചുറ തേൻ, മലനാട് തേൻ, ദാസർ തേൻ, ഹൈനസ് തേൻ, മലബാർ നെയ്യ്, മലനാട് നെയ്യ്, ആർ.കെ.ജി.നെയ്യ്, എ1 എസ്.കെ.സി. നെയ്യ്, ഹെറിറ്റേജ് നെയ്യ് എവരി ഡെ നെയ്യ്, സെഞ്ചുറി ആട്ട തുടങ്ങിയ ഉല്പന്നങ്ങൾക്ക് അഗ്മാർക്ക് ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) സപ്ലൈകോ വിതരണം ചെയ്യുന്ന തേജസ് വെളിച്ചെണ്ണ, തേജസ് നല്ലെണ്ണ, റാണി ബ്രാൻഡ് നല്ലെണ്ണ, അരോമ കറിപൗഡറുകൾ, ഉണ്ണീസ് കറിപൗഡറുകൾ, അമ്മ കറിപൗഡറുകൾ, സാറാസ് കറിപൗഡറുകൾ, സെയിൽ കറിപൗഡറുകൾ, രുചി തേൻ, മംഗളം തേൻ, ഹൈനസ് തേൻ, ലയൺ തേൻ, നേച്ചുറ തേൻ, മലനാട് തേൻ, ദാസർ തേൻ, മലബാർ നെയ്യ്, മലനാട് നെയ്യ്, ആർ.കെ.ജി.നെയ്യ്, എ1 എസ്.കെ.സി. നെയ്യ്, ഹെറിറ്റേറ്റ് നെയ്യ് എവരിഡെ നെയ്യ്. സെഞ്ചുറി ആട്ട തുടങ്ങിയ ഉല്പന്നങ്ങൾക്ക് അഗ്മാർക്ക് ഉണ്ട്.

റേഷൻ കാർഡുടമകളുടെ എണ്ണം

115 (1603) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊത്തം എത്ര റേഷൻകാർഡ് ഉടമകൾ ആണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്ര റേഷൻകാർഡ് ഉടമകൾ ഉണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 31.12.99-ലെ കണക്കു പ്രകാരം സംസ്ഥാനത്ത് മൊത്തം 61,62,484 റേഷൻകാർഡുകളുണ്ട്.

(ബി) 24,07,537 കാർഡുകൾ (31.12.99 വരെ).

മണ്ണെണ്ണ പെർമിറ്റ്

116 (1604) ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം.എ. തോമസ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എൻ.ആർ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷത്തിനകം സംസ്ഥാനത്ത് പുതുതായി എത്ര മണ്ണെണ്ണ പെർമിറ്റുകൾ നൽകിയെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിൽ വീട്ടാവശ്യത്തിന് എത്ര നൽകി; കൃഷിക്കാവശ്യത്തിന് എത്രപേർക്ക് നൽകി;

(ഡി) പാചകവാതക കണക്ഷൻ ലഭിച്ചിട്ടുള്ള ഉപഭോക്താക്കൾക്ക് മണ്ണെണ്ണ പെർമിറ്റ് നൽകുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണ്;

(എഫ്) വർദ്ധിച്ചുവരുന്ന ആവശ്യം പരിഗണിച്ച് പെർമിറ്റ് നൽകുന്ന കാര്യത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് ഉള്ളവരും മണ്ണെണ്ണ ഉപയോഗിച്ച് പാചകം ചെയ്യുന്നവരുമായ എല്ലാ കാർഡുടമകൾക്കും മണ്ണെണ്ണ പെർമിറ്റ് ലഭിക്കുന്നതിന് അപേക്ഷിക്കാം. നിർദ്ദിഷ്ട ഫോറത്തിൽ അഞ്ചുരൂപാ കോർട്ട്ഫീ സ്റ്റാമ്പ് ഒട്ടിച്ച് പെർമിറ്റ് അനുവദിക്കുന്നതിന് താലൂക്ക് സപ്ലൈ ഓഫീസുകളിൽ അപേക്ഷ നൽകിയിട്ടുള്ള കാർഡുടമകൾക്ക് മണ്ണെണ്ണയുടെ ലഭ്യതയ്ക്കനുസരിച്ച് പെർമിറ്റ് അനുവദിക്കുന്നതാണ്. മൊത്തം അപേക്ഷകരിൽ 50% പേർക്ക് ജനറൽ കാറ്റഗറി വിഭാഗത്തിലും ബാക്കി 50% വികലാംഗർ, പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ, സർക്കാർ-അർദ്ധസർക്കാർ ഉദ്യോഗസ്ഥർ, കിടപ്പായ രോഗികൾ, സ്വാതന്ത്ര്യ സമരസേനാനികൾ ഉൾപ്പെടുന്ന വിഭാഗത്തിലുള്ളവർക്കും നൽകണമെന്ന നിബന്ധനയാണുള്ളത്.

(ബി) ആറു ലക്ഷം.

(സി) വീട്ടാവശ്യത്തിന് ആറുലക്ഷം. കാർഷികമേഖലയിൽ പുതിയ പെർമിറ്റുകൾ നൽകിയിട്ടില്ല. നിലവിലുള്ളവ പുതുക്കി നൽകുക മാത്രമാണ് ചെയ്തത്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly